**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വാഴൂർ ഗ്രാമപഞ്ചായത്തിലെ മുൻ യുഡി. ക്ലാർക്കായിരുന്ന ശ്രീ. പി.ആർ. രമേശ് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2860/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 07.11.2018

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 29.04.2016-ലെ ഡി5-22402/2014 നമ്പർ ഉത്തരവ്

2. ശ്രീ. പി.ആർ. രമേശ് സമർപ്പിച്ച 16.08.2016-ലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 20.10.2016-ലെ ഡി5-22402/2014 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. അനിൽകുമാർ, കരിങ്ങനാട്ടിൽ ഹൗസ്, ചാമംപതാൽ പി ഒ, കോട്ടയം വീടിന് നമ്പർ അനുവദിക്കണമെന്ന് കാണിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം 17.03.2012-ൽ വാഴൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നതായും എന്നാൽ നിരന്തരം ഓഫീസിൽ കയറിയിറങ്ങിയിട്ടും നമ്പർ ലഭിച്ചില്ലെന്നും, മഴവെള്ള സംഭരണി നിർമ്മിച്ചാൽ മാത്രമേ നമ്പർ അനുവദിക്കുകയുള്ളൂ എന്ന് സെക്രട്ടറി അറിയിച്ചുവെന്നും 2011-ലെ കെ.പി.ബി.ആർ. ചട്ടങ്ങൾ അനുസരിക്കണമെന്ന വാദം അംഗീകരിച്ചാൽത്തന്നെയും ടി ചട്ട പ്രകാരം മഴ വെള്ളസംഭരണി നിർബന്ധമാക്കേണ്ടതില്ലാത്ത വെള്ളം വറ്റാത്ത ആഴമുള്ള തോടിനോട് ചേർന്നാണ് വീട് നിർമ്മിച്ചിരിക്കുന്നത് എന്നും ഇത് സെക്രട്ടറിയെ നേരിൽ ബോദ്ധ്യപ്പെടുത്തിയിട്ടും നമ്പർ അനുവദിച്ചില്ലെന്നും ആയത് മൂലം തനിക്ക് റേഷൻ കാർഡ്, ഗ്യാസ് കണക്ഷൻ എന്നിവ ലഭ്യമായില്ലെന്നും പഞ്ചായത്തിന് കെട്ടിടനികുതി ഇനത്തിൽ നഷ്ടമായ തുക സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും കാണിച്ച് ടിയാൻ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന് പരാതി സമർപ്പിച്ചിരുന്നു. ടി പരാതി ബഹു. ഓംബുഡ്സ്മാൻ പരിഗണിക്കുകയും 27.06.2013-ലെ ഒപി1733/12 നമ്പർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവിൽ കെ.പി.ബി.ആർ. ചട്ടം 2011 ചട്ടം 102(5) പ്രകാരം ഭൂഗർഭ പുന:ക്ഷമതാ സംവിധാനം ഒഴിവാക്കിയിട്ടുള്ളതായും മഴവെള്ള സംഭരണിയുമായി ബന്ധപ്പെട്ട് നമ്പർ നൽകാത്തതിന്റെ നിജസ്ഥിതി അന്വേഷിച്ച് ടി വിഷയത്തിൽ മനപൂർവ്വമായ വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വാഴൂർ ഗ്രാമപഞ്ചായത്ത് 2009-10 വർഷത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച പൗരാവകാശ രേഖയിൽ കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കുന്നതിന് **"അപേക്ഷ സമർപ്പിച്ച് 5 ദിവസങ്ങൾക്ക് ശേഷം"** എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ അപേക്ഷ സമർപ്പിച്ച് ഒരു വർഷത്തിന് ശേഷമാണ് നമ്പർ നൽകിയിട്ടുള്ളത്. ആകയാൽ പൗരാവകാശരേഖയിലെ വ്യവസ്ഥകളും സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവർ ലംഘിച്ചതായി കണക്കാക്കാവുന്നതാണ്. വിശദമായ അന്വേഷണത്തിൽ നിന്നും സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവർ ചുവടെ പറയുന്ന വീഴ്ചകൾ വരുത്തിയതായി റിപ്പോർട്ട് ചെയ്തിരുന്നു.

1. നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിൽ പ്രാഥമിക മറുപടി നൽകുന്നതിന് സെക്രട്ടറി 68 ദിവസവും ടി ഫയൽ put up ചെയ്യുന്നതിന് സെക്ഷൻ ക്ലാർക്ക് 28 ദിവസവും കാലതാമസം വരുത്തി.
2. കെട്ടിടനമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചിട്ടില്ല

3. 150 ചതുരശ്രമീറ്ററിന് മുകളിൽ ഉള്ള കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർബന്ധമാണെന്നിരിക്കെ അന്വേഷണം നടത്തിയ 5 കെട്ടിടങ്ങളിൽ 4 ലും മഴവെള്ള സംഭരണി സ്ഥാപിക്കാതെ കെട്ടിടനമ്പർ നൽകി.
4. ചട്ടം 101(3) പ്രകാരം പ്രാഥമിക പരിശോധനയിൽ തന്നെ അപേക്ഷകന്റെ പുരയിടത്തിലെ തോട് നേരിട്ട് അന്വേഷിച്ചാൽ കാണാവുന്നതാണ്. എന്നിട്ടും 101(3) പരിഗണിക്കാതെ അപേക്ഷകന് നമ്പർ നൽകുന്നതിലേക്കായി അനാവശ്യ കത്തിടപാടുകൾ നടത്തി ഒരു വർഷത്തോളം കാലതാമസം വരുത്തുകയും ആയതിന് ശേഷം സ്വമേധയാ ആ കെട്ടിടത്തിന് തന്നെ നമ്പർ നൽകുകയും ചെയ്തു. പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖയിൽ നമ്പർ നൽകുന്നതിന് 5 ദിവസമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ആയത് ലംഘിച്ചു

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാഴൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്ക് ശ്രീ. പി.ആർ. രമേശിനെതിരെ ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുക എന്ന ലഘു ശിക്ഷ നൽകി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു. ടി ഉത്തരവിനെതിരെയാണ് ശ്രീ. പി.ആർ. രമേശ് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന്റെ നിർദ്ദേശപ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ക്രമക്കേടുകൾക്കുത്തരവാദിയായ ശ്രീ. പി.ആർ. രമേഷിനെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുക എന്ന ലഘു ശിക്ഷ നൽകി പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കിയിട്ടുള്ളത് എന്നു കാണുന്നു. ഈ സാഹചര്യത്തിൽ വാഴൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. പി.ആർ. രമേശ് സമർപ്പിച്ച അപ്പീൽ അപേക്ഷ പുന:പരിശോധിക്കേണ്ടതില്ലായെന്നുകണ്ട് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. പി.ആർ. രമേശ്, യു.ഡി. ക്ലാർക്ക്, വാഴൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/79/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ